സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.10051/2018/S

ദേവസ്വം കമ്മീഷണർ ഓഫീസ്,
തിരുവനന്തപുരം, **11/01/2021**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം ദേവസ്വം കീഴ്ശാന്തി നിയമനം സംബന്ധിച്ച്.

സൂചന:-
1) 16/07/2020-ലെ ROC.8398/08/NS നമ്പർ ബോർഡുത്തരവ്.
2) 29/09/2020-ലെ മേൽ നമ്പർ ഉത്തരവ്.
3) WP(C).17186/20 നമ്പർ കേസിന്മേൽ ബഹു: ഹൈക്കോടതി 20/08/2020-ൽ പുറപ്പെടുവിച്ച വിധിന്യായം
4) 30/09/2020-ലെ ROC.5238/20/MIS-1 നമ്പർ ബോർഡുത്തരവ്.
5) WP(C).18501/20, WP(C).20910/20 (K) നമ്പർ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 01/10/2020-ലെ ഇടക്കാല ഉത്തരവ്.
6) WP(C).18501/20, WP(C).20910/20 (K) നമ്പർ കേസുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 15/12/2020-ലെ വിധിന്യായം.

കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിലെ കീഴ്ശാന്തി ലാവണത്തിന്റെ നിയമന കാലാവധി 2 വർഷമായി നിജപ്പെടുത്തി കൊണ്ട് 16/07/2020-ൽ പുറപ്പെടുവിച്ച സൂചന (1) ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ഗ്രൂപ്പിനുള്ളിൽ നിന്നും താൽപര്യമുള്ള ശാന്തിക്കാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് നൽകുവാൻ 29/09/2020-ൽ ദേവസ്വം കമ്മീഷണർ (സൂചന 2) ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ മണ്ണടി ദേവസ്വം കീഴ്ശാന്തിയായിരുന്ന ശ്രീ വി.എൻ.വിനോദ്കുമാർ 2020-ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി ടി ദേവസ്വം കീഴ്ശാന്തി ലാവണത്തിലേയ്ക്ക് നിയമനത്തിനായി 05/03/2020-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സമർപ്പിച്ച കാലത്ത് ടി ലാവണത്തിലേയ്ക്ക് അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ മറ്റാരും തന്നെ അപേക്ഷകരായി ഉണ്ടായിരുന്നില്ല. ഏക അപേക്ഷകനായ ശ്രീ വി.എൻ.വിനോദ്കുമാർ തന്റെ അപേക്ഷ പ്രകാരം ടി ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന് ദേവസ്വം ബോർഡിനോട് നിർദ്ദേശിക്കണമെന്ന് ആവശ്യം ഉന്നയിച്ച് ബഹു:ഹൈക്കോടതിയിൽ WP(C).17186/20 നമ്പർ ആയി

കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിൽ 20/08/2020-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ വി.എൻ.വിനോദ്കുമാറിന്റെ അപേക്ഷയിന്മേൽ ഒരു തീരുമാനം കൈക്കൊള്ളുവാൻ ബോർഡിനോട് നിർദ്ദേശിച്ചു. (സൂചന 3) പ്രസ്തുത വിധിന്യായപ്രകാരം ബോർഡ് പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ വി.എൻ.വിനോദ്കുമാറിന്റെ അപേക്ഷ കൂടി മറ്റ് അപേക്ഷകരോടൊപ്പം പരിഗണിക്കുന്നതിനായി ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകി. (സൂചന 4). ശ്രീ വി.എൻ.വിനോദ്കുമാർ ഉൾപ്പെടെ ആകെ 23 പേർ അപേക്ഷ സമർപ്പിച്ചു.

എന്നാൽ ടി ലാവണത്തിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള ഉത്തരവിനെതിരെ നിലവിലുള്ള കീഴ്ശാന്തി ശ്രീ.എസ്.വേണുപോറ്റി WP(C).18501/20 നമ്പരായും ശ്രീ വി.എൻ.വിനോദ്കുമാർ WP(C).20910/20 നമ്പരായും കേസുകൾ ഫയൽ ചെയ്തു.

ശ്രീ വി.എൻ.വിനോദ്കുമാർ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽ ആവശ്യപ്പെട്ടത് പൊതു സ്ഥലംമാറ്റ സമയത്ത് പി.ഡി മണികണ്ഠേശ്വരം കീഴ്ശാന്തി ലാവണത്തിലേയ്ക്ക് അപേക്ഷിച്ച ഏക വ്യക്തി താനാണെന്നും ആകയാൽ തനിക്ക് കീഴ്ശാന്തിയായി നിയമനം നൽകുവാൻ നിർദ്ദേശം നൽകണമെന്നായിരുന്നു.

ശ്രീ.എസ്.വേണുപോറ്റി ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽ തനിക്ക് കീഴ്ശാന്തിയായി നിയമനം നൽകിയത് മൂന്ന് വർഷത്തെ കാലാവധിയ്ക്ക് ആണെന്നും പ്രസ്തുത കാലാവധി പൂർത്തിയായിട്ടില്ലാത്തതിനാൽ ഇപ്പോൾ അപേക്ഷ ക്ഷണിക്കുവാനുള്ള ദേവസ്വം ബോർഡിന്റെ തീരുമാനം റദ്ദാക്കണമെന്നും തന്നെ കീഴ്ശാന്തിയായി തുടരാൻ അനുവദിക്കണ മെന്നതുമാണ് വിവരിച്ചിട്ടുള്ളത്.

ഈ കേസുകളിന്മേൽ ബഹു:ഹൈക്കോടതി 01/10/2020-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ നിയമനം സംബന്ധിച്ച നടപടികൾ ദേവസ്വം ബോർഡിന് തുടരാമെന്നും എന്നാൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നത് ബഹു:ഹൈക്കോടതിയുടെ അനുമതി ലഭിച്ച ശേഷം മാത്രമായിരിക്കണമെന്നും നിർദ്ദേശിച്ചു. (സൂചന 5)

മേൽപ്പറഞ്ഞ രണ്ട് റിട്ട് പെറ്റിഷനുകളും ബഹു: ഹൈക്കോടതി വീണ്ടും പരിഗണിക്കുകയും 15/12/2020-ൽ ഒരു പൊതു വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായത്തിൽ രണ്ടു പേരുടെ ആവശ്യങ്ങളും കോടതി നിരസിച്ചു. ദേവസ്വം ബോർഡിന് ഒരു ലാവണത്തിലെ കാലാവധി നിശ്ചയിക്കുവാനുള്ള അധികാരമുണ്ടെന്നും അതിനെ ചോദ്യം ചെയ്യാൻ ആവില്ല എന്നും സ്ഥലംമാറ്റത്തിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനു മുമ്പ് സമർപ്പിച്ച അപേക്ഷ നിയമപരമായി സാധു അല്ല എന്നും ആകയാൽ രണ്ട് പേരുടേയും ആവശ്യങ്ങൾ നിരസിക്കുന്നതിനും

ബഹു:ഹൈക്കോടതി തീരുമാനിച്ചു. എന്നാൽ രണ്ട് പേർക്കും പി.ഡി മണികണ്ഠേശ്വരം ദേവസ്വം കീഴ്ശാന്തി ലാവണത്തിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുന്നതിനും അനുവദിച്ചുത്തരവായി. (സൂചന 6).

ഇവരിൽ ശ്രീ വി.എൻ വിനോദ്കുമാറിന്റെ അപേക്ഷ WP(C).17186/20 നമ്പർ കേസിലെ 28/08/2020-ലെ വിധിന്യായ പ്രകാരവും 30/09/2020-ലെ ബോർഡുത്തരവ് പ്രകാരവും നേരത്തെ തന്നെ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 09/11/2020-ൽ തിരുവനന്തപുരത്ത് സുമംഗലി കല്യാണ മണ്ഡപത്തിൽ വച്ച് നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ ഇന്റർവ്യൂവിൽ പങ്കെടുത്തില്ല. ഹൈക്കോടതിയുടെ വിധിന്യായം പുറപ്പെടുവിച്ച ശേഷവും പുതുതായി നാളിതുവരെ അപേക്ഷയൊന്നും നൽകിയിട്ടില്ല. ശ്രീ.എസ്.വേണുപോറ്റിയും ബഹു:ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം നാളിതുവരെ ടിയാന്റെ അപേക്ഷ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുമ്പാകെയോ ദേവസ്വം കമ്മീഷണർ മുമ്പാകെയോ നൽകിയിട്ടില്ല. 09/11/2020-ൽ സുമംഗലി കല്യാണ മണ്ഡപത്തിൽ വച്ച് നടന്ന ഇന്റർവ്യൂവിൽ പങ്കെടുത്തവരിൽ നിന്ന് 5 പേരുടെ ചുരുക്കപ്പട്ടിക ഇതിനകം തന്നെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ബഹു:ഹൈക്കോടതിയുടെ 15/12/2020-ലെ WP(C).18501/20, WP(C).20910/20 (K) എന്നീ കേസുകളിലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ശ്രീ വി.എൻ.വിനോദ്കുമാറും, ശ്രീ എസ്.വേണുപോറ്റിയും 25 ദിവസം കഴിഞ്ഞിട്ടും അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 09/11/2020-ലെ ഇന്റർവ്യൂ പ്രകാരം തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട 5 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും അതിൽ നിന്ന് ഒരാളെ നറുക്കിട്ടെടുക്കുവാൻ തീരുമാനിച്ചും ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്(ആമുഖകത്ത് സഹിതം)
2. ലാ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഫിനാൻസ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. സൂപ്രണ്ട് ഓഫ് പോലീസ്(വിജിലൻസ്&സെക്യൂരിറ്റി)
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ

6. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ- പത്തനംതിട്ട
7. ലെയ്സൺ ഓഫീസർ,എറണാകുളം
8. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ- കൊട്ടാരക്കര
9. ശ്രീ എസ്.വേണുപോറ്റി, S/O വി.ശങ്കരനാരായണൻ പോറ്റി, നീലമന താഴെമഠം, മൈലം പി.ഒ, കൊട്ടാരക്കര, കൊല്ലം
10. ശ്രീ വി.എൻ വിനോദ്കുമാർ, S/O നാരായണൻ പോറ്റി, വായൂർ മഠം, മണ്ണടി പി.ഒ, അടൂർ, പത്തനംതിട്ട- 691530
11. ശ്രീ എസ്.വേണുപോറ്റി, കീഴ്ശാന്തി, പി.ഡി മണികണ്ഠേശ്വരം ദേവസ്വം, കൊട്ടാരക്കര ഗ്രൂപ്പ് (കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖേന)
12. ശ്രീ വി.എൻ വിനോദ്കുമാർ, (മുൻ മണ്ണടി ദേവസ്വം ശാന്തി) , ചാങ്ങയിൽ ദേവസ്വം ശാന്തി, കൊട്ടാരക്കര ഗ്രൂപ്പ് (കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖേന)
13. ഓംബുഡ്സ്മാൻ സെക്ഷൻ, ദേവസ്വം കമ്മീഷണർ ഓഫീസ്.
14. സെക്ഷൻ ഫയൽ.
15. ഫെയർ ആഫീസ് കോപ്പി.